Bio DIVA

Briefing Note 1, 2013



# വയനാട്

# ഭൂവിനിയോഗം - ചില കാഴ്ചപ്പാടുകൾ

## വയനാട് അഥവാ വയൽനാട്

പശ്ചിമഘട്ട മലനിരകളുടെ ഭാഗമായതും സവിശേഷതയർഹിക്കുന്നതുമായ ഭൂവിഭാഗമാണ് വയനാട്. രണ്ടുസംസ്ഥാനങ്ങളുമായി വനാതിർത്തി പങ്കിടുന്ന ജില്ലയുടെ തനത് പ്രത്യേകതകളാണ് ശാന്തമായ കാലാവസ്ഥയും സ്വസ്ഥ ജീവിതം നയിക്കുന്ന, ആദിവാസികളുൾപ്പെടുന്ന നിരവധി സമൂഹങ്ങളും. ഗ്രാമീണ ആദിവാസി സമൂഹങ്ങളുടെ വരുമാനത്തിന്റെ പ്രധാന പങ്കും ചെറുകിട കൃഷിയിൽ നിന്നും അതിനോടനുബന്ധിച്ചുള്ള തൊഴിലവസരങ്ങളിൽ നിന്നുമാണ് ലഭ്യമാകുന്നത്. നെല്ല്, കാപ്പി, കുരുമുളക് എന്നിവയാണ് പ്രധാന വിളകൾ. 1970 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ ജില്ലയിലെ നെൽ വയലുകളുടെ വിസ്തൃതിയിൽ പകുതിയിലധികം കുറഞ്ഞിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.(30000 ഹെക്ടറിൽ നിന്നും 13000 ഹെക്ടറിലേക്ക്) കവുങ്ങ്, വാഴ തുടങ്ങിയ നാണ്യവിളകൾക്കായി വയലുകൾ വഴിമാറുകയാണുണ്ടായത്. നെൽകൃഷിയിൽ വേണ്ടിവന്ന അധിക മുതൽ മുടക്ക്, തൊഴിലാളികളുടെ ലഭ്യതയിലുണ്ടായ കുറവ്,കൃഷിയിൽ നിന്നുള്ള വരുമാനകുറവ് തുടങ്ങിയ പ്രത്യക്ഷകാരണങ്ങൾ ഈ ഭൂവിനിയോഗ മാറ്റത്തിന് ആക്കം കൂട്ടിയിട്ടുണ്ട്. നെൽ വയലുകൾ അപ്രത്യക്ഷമായതോടെ അവയുമായി ബന്ധപ്പെട്ട ജൈവസമ്പത്തും നാശോന്മുഖമായിത്തുടങ്ങി. അതോടൊപ്പം നെൽകൃഷി മേഖലയെ ആശ്രയിച്ച് കഴിഞ്ഞിരുന്ന ഭൂരഹിത കർഷകതൊഴിലാളികളുടെ പ്രത്യേകിച്ച് സ്ത്രീകളുടെ വരുമാന സാധ്യതകളും വിരളമായി. ഈ അടുത്ത കാലത്താവട്ടെ പാരിസ്ഥിതികാവബോധത്തോടെയല്ലാത്ത വിനോദസഞ്ചാര വികസനവും വയനാടിന്റെ തനിമ നഷ്ടപ്പെടുന്നതിന് കാരണമായിത്തീർന്നിരിക്കുന്നു.

## TOPICS

- Transdisciplinarity
- Participation
- Scenario building
- Visioning excercises

# പഠനം എങ്ങനെ?

- കാർഷിക പരിസ്ഥിതി ശാസ്ത്രം , സാമൂഹ്യ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം എന്നീ വിജ്ഞാനശാഖകളിലൂടെ കാർഷിക ജൈവവൈവിധ്യം, ഭൂവിനിയോഗം എന്നിവയെ വിശദമായി അപഗ്രഥിക്കുക.

- പ്രാഥമിക നിഗമനങ്ങൾ എല്ലാ തലത്തിലുമുള്ള പ്രവർത്തന പങ്കാളികളുമായി പങ്കുവക്കുകയും അവരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ച് നിഗമനങ്ങളെ ആശയങ്ങളായി പ്രസിദ്ധപ്പെടുത്തുക.

- ഇങ്ങനെ രൂപപ്പെട്ട ആശയങ്ങൾ പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരുന്നതിനായി നയരൂപീകരണ വിദഗ്ധർ, ജനപ്രതിനിധികൾ മറ്റുദ്യോഗസ്ഥർ എന്നിവരിലേക്ക് എത്തിക്കുക.

# പഠന ശിൽപശാല: ഇന്നിന്റെ അവസ്ഥയും നാളെയുടെ സങ്കൽപ്പങ്ങളും

സാമൂഹ്യ - പരിസ്ഥിതി ഗവേഷണങ്ങൾക്ക് ഉപകാരപ്രദമാകുന്ന ലളിതമായ ഒരു പഠന പ്രവർത്തനമാണിത്. പ്രവർത്തന പങ്കാളികളുമായുള്ള ചർച്ചകൾക്കിടക്ക് പഠനം നടത്തപ്പെടുന്ന പ്രദേശത്തിന്റെ ഇന്നത്തെ അവസ്ഥ എന്ത്? ഈ അവസ്ഥ തുടർന്ന് കൊണ്ട് പോയാൽ നാളെ എന്തായിരിക്കും എന്നീ ചോദ്യങ്ങൾക്കുള്ള വിവര ശേഖരണമാണ്ആദ്യപടി. രണ്ടാമത്തെ ഘട്ടത്തിലാകട്ടെ പത്തോ പതിനഞ്ചോ വർഷങ്ങൾക്ക് ശേഷം ആ പ്രദേശം എങ്ങനെ ആയിരിക്കണം ? അതിനായി എന്തൊക്കെ പ്രായോഗിക പ്രവർത്തനങ്ങൾ ആരൊക്കെ നടത്തണം എന്നീ ചോദ്യങ്ങൾ ഉന്നയിക്കപ്പെടും. ഇതിൽ നിന്നുമാണ് പഠന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ട് പോകുവാനുള്ള ചില സൂചനകൾ ലഭ്യമാകുന്നത്.

## പഠന പ്രവർത്തനം 1

<u>വയനാട് ഇന്ന്, നാളെ</u>

*ഉദ്ദേശ്യലക്ഷ്യങ്ങൾ:*

- വയനാടിന്റെ ഭൂവിനിയോഗം എങ്ങിനെയാണെന്ന് മനസ്സിലാക്കുക.

- ജീവിതത്തിന്റെ വിവിധ തുറകളിൽപെട്ടവർ ഈ സാഹചര്യങ്ങളെ എങ്ങനെ വീക്ഷിക്കുന്നു എന്ന് മനസ്സിലാക്കുക.

- സാഹചര്യങ്ങളെ അപഗ്രഥിച്ച് പൊതുധാരണയിലെത്തുക.

- പ്രശ്നപരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

*പങ്കെടുത്തവർ:*

കർഷകർ, ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, ഗവൺമെന്റിതര സ്ഥാപന പ്രതിനിധികൾ, ഗവേഷകർ.

***ബയോഡിവ ഗവേഷണ പദ്ധതി***

വയനാടിന്റെ കാർഷിക ജൈവവൈവിധ്യം, ജില്ലയിൽ ഭൂവിനിയോഗത്തിലുണ്ടായ മാറ്റങ്ങൾ എന്നിവ വിവിധ വിജ്ഞാനശാഖകളിലൂടെ അപഗ്രഥിച്ച് അവയെ കാർഷിക -ഗ്രാമീണ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവരുടെ സഹായത്തോടെ പ്രായോഗിക ആശയങ്ങളിലേക്ക് കൊണ്ടുവരികയാണ് ബയോഡൈവ പദ്ധതിയുടെ ലക്ഷ്യം. കാർഷിക ജൈവവൈവിധ്യത്തിന്റെ സുസ്ഥിരവും നീതിപൂർവ്വകവുമായ ഉപയോഗത്തിലൂടെയുള്ള സുസ്ഥിര ഗ്രാമവികസനത്തിനാണ് പഠന പദ്ധതികൾ സഹായകമാവുക. വിദ്യാഭ്യാസ ഗവേഷണ പ്രവർത്തനങ്ങൾക്കായുള്ള ജർമ്മൻ മന്ത്രാലയമാണ് ഈ പദ്ധതിക്ക് വേണ്ടി 2010 മുതൽ 2014 വരെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്.

എം. എസ്. സ്വാമിനാഥൻ ഗവേഷണനിലയത്തിന്റെ സാങ്കേതിക സഹകരണത്തോടെയാണ് ഈ പഠനം നടക്കുന്നത്.



*ഭാഗം 1.1 : പശ്ചാത്തല വിവരണം.*

കാർഷിക പരിതസ്ഥിതി ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, സാമ്പത്തിക ശാസ്ത്രം എന്നീ മേഖലയിൽ നടന്ന ഗവേഷണ പഠനങ്ങളുടെ പ്രാഥമിക നിഗമനങ്ങൾ ബയോഡൈവ ഗവേഷകർ അവതരിപ്പിച്ചു. തുടർ ചർച്ചകളിലൂടെ പൊതു ധാരണകളിലേക്കെത്തി.

*ഭാഗം 1.2 : സംഘ ചർച്ചകൾ*

ഇന്നത്തെ ഈ സാഹചര്യങ്ങൾ മാറ്റമില്ലാതെ തുടർന്നാൽ 2030-ൽ വയനാട് എങ്ങനെയായിരിക്കും എന്ന് സംഘങ്ങളായി തിരിഞ്ഞ് പ്രവർത്തന വസ്തുതകൾ ചർച്ചകൾ നടത്തി.

## ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ നിഗമനങ്ങൾ :

*ഇപ്പോഴത്തെ സാഹചര്യങ്ങൾ തുടർന്നാൽ:*

1. വിനോദ സഞ്ചാര പ്രവർത്തനങ്ങൾക്കായി കൂടുതൽ ഭൂമി വിനിയോഗിക്കപ്പെടും.
2. ഭൂമാഫിയയുടെ പ്രവർത്തനം ഊർജ്ജിതമാക്കപ്പെടും.
3. നാണ്യ വിളകളിലേക്കുള്ള ചുവട് മാറ്റവും കോൺക്രീറ്റ് വൽക്കരണവും കൃഷിയുടെയും, കാർഷിക ജൈവവൈവിധ്യത്തിന്റെയും മറ്റ് ആവാസവ്യവസ്ഥകളുടെയും ശോഷണത്തിന് വഴി തെളിക്കും. ഭക്ഷ്യാവശ്യത്തിന് അന്യജില്ലകളെ/സംസ്ഥാനങ്ങളെ കൂടുതലായി ആശ്രയിക്കും.
4. കാലാവസ്ഥാ വ്യതിയാനം കൃഷിമേഖലക്ക് വെല്ലുവിളിയുയർത്തും, ജലലഭ്യത കുറയും.
5. അണു കുടുംബങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കും.
6. കാർഷിക മേഖലയിൽ തൊഴിലാളി ക്ഷാമം രൂക്ഷമാകും.



*Stakeholders discussing scientific results*

### TERMS

**MGNREGA:** Mahatma Gandhi National Employment Guarantee Act. Also referred to as NREGA, enacted in 2005.

**Panchayath:** Council of elected members from a village or a group of villages.

**HYV:** High Yield Varieties of crops introduced since the 1970s

**Kerala Conservation of Paddy Land and Wetland Act 2008:** Passed by Kerala state, it prohibits the conversion of rice land unless the farmer faces extenuating circumstances.

INSIGHTS SO FAR

1. Farmers cherish their socio-cultural identity as farmers and are aware of the impact of current practices on the environment, however they have to make decisions based on economic viability.

2. Farmers have a direct impact and influence on the ecological status of the landscape. They offer vital ecological services to society by maintaining certain ecological functions.

3. Farmers link the observed deterioration of the environment and crop quality with the impact of the increased use of agrochemicals

4. Even though the farmers lack expert knowledge on agrochemicals, they observe a negative impact on (reproductive) health and in drinking water quality.

5. The Indian job guarantee scheme MGNREGA and the irregular implementation thereof has caused an increase in labor costs of up to 60%.

6. Traditional family structures are changing, impacting directly on labor organisation, land property rights and agricultural practice.

6. New HYV call for greater support from government and technicians, which is severely lacking. For indigenous communities, this missing capacity has an even greater impact due to their marginalised status.



# പഠന പ്രവർത്തനം 2

## വേറിട്ട സമീപനം വിഭാവനം ചെയ്യൽ

ഇന്നത്തെ പ്രശ്ന സങ്കീർണ്ണതകളിൽ നിന്നും ശ്രദ്ധ തിരിച്ച് സമത്വ സുന്ദരമായ ഒരു വയനാടിന്റെ ചിത്രം സങ്കൽപ്പിച്ച് വരക്കാൻ പങ്കാളികളോടാവശ്യപ്പെടുന്നതായിരുന്നു ഈ പ്രവർത്തനം. ഇവിടെയും മുതിർന്ന കർഷകർ, യുവ കർഷകർ, സർക്കാർ ഉദ്യോഗസ്ഥർ ഗവൺമെന്റിതര സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിങ്ങനെ സംഘം തിരിഞ്ഞായിരുന്നു വരകളിലൂടെ പുതുയ വയനാടിനെ സങ്കൽപ്പിച്ചത്.

## പുതിയ വയനാട് എന്ന സങ്കൽപ്പം

- 2030 ലെ വയനാട് സമ്മിശ്ര ഭൂവിനിയോഗത്തിലൂടെയും പ്രാദേശിക വിഭവങ്ങൾ കേന്ദ്രീകരിച്ചുള്ള തൊഴിൽ സംരംഭങ്ങളിലൂടെയും വികസിച്ച ഒരു ജില്ലയായിരിക്കണം.
- കൃഷി, കാർഷിക വ്യവസായങ്ങൾ, മറ്റ് ഗ്രാമീണ സംരഭങ്ങൾ, വിനോദ സഞ്ചാര പദ്ധതികൾ മറ്റ് സേവന മേഖലകൾ എന്നിവയൊക്കെ ഗ്രാമീണതയുടെ ഉപജീവനത്തിന് സുസ്ഥിരമായ അടിത്തറ നൽകണം. അതേസമയം സാംസ്കാരികത്തനിമയും പരമ്പരാഗത, സാമൂഹ്യ ഗോത്ര, കുടുംബസമ്പ്രദായങ്ങൾ നിലനിൽക്കുകയും വേണം.

## കൂടുതൽ ശ്രദ്ധ വേണ്ട കാര്യങ്ങൾ

- ജലസേചനം, ജല പരിപാലനം, സാമ്പത്തിക സാങ്കേതിക സഹായങ്ങൾ, സംരഭക പരിശീലനം എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള കാർഷിക വികസനം.
- കാർഷികവൃത്തിക്ക് മെച്ചപ്പെട്ട വേതനം.
- തൊഴിലുറപ്പ് പദ്ധതി പോലെയുള്ളവയുടെ സംഘാടനത്തിലുള്ള സുതാര്യത.

# പഠനപ്രവർത്തനം 3

വിഭാവനം ചെയ്ത സങ്കൽപ്പങ്ങൾ എങ്ങനെ യാഥാർത്ഥ്യമാക്കാം.

## ചില നിർദേശങ്ങൾ

- പരമ്പരാഗത കൃഷിരീതികളും അവയുമായി ബന്ധപ്പെട്ട അറിവുകളും സംരക്ഷിക്കുക.
- സംയോജിത പ്രാദേശിക വിഭവ പരിപാലനവും ഭൂവിനിയോഗവും ഉറപ്പാക്കുക.
- ദേശീയ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുക.
- ഭൂവിനിയോഗ നിയമങ്ങൾ കർശനമാക്കുക.
- വിവിധ സാമൂഹിക സംഘടനകൾ അവ പ്രതിനിധാനം ചെയ്യുന്നവരുടെ ശബ്ദമാവുകയും കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുക.
- ഗ്രാമീണ കാർഷികോന്നമനത്തിനായി സർക്കാർ സംവിധാനങ്ങൾ ശക്തിപ്പെടുത്തി ആവശ്യമുള്ളിടത്തെല്ലാം ഉചിതമായ സേവന ഹസ്തങ്ങളുമായെത്തുക.

## തുടർ നടപടികൾ

എല്ലാ പ്രവർത്തന പങ്കാളികളുമായുള്ള ശരിയായ ആശയവിനിമയത്തിനുള്ള ഒരു പ്രാഥമിക ഇടം മാത്രമാണ് ഇതുപോലെയുള്ള ശിൽപശാലകൾ നൽകുന്നത്.

ഇവിടെ പരാമർശിക്കപ്പെട്ട സങ്കീർണ്ണ പ്രശ്നങ്ങൾ വയനാട്ടിൽ മാത്രമുള്ളതല്ല; നിർദേശിക്കപ്പെട്ട പരിഹാരമാർഗ്ഗങ്ങൾ മുഴുവൻ പ്രായോഗികമാകണമെന്നില്ല. പക്ഷേ ശരിയായ ദിശയിലുള്ള അന്വേഷണ, പഠന പ്രവർത്തനങ്ങളിലൂടെ ശേഖരിക്കുന്ന അറിവ് എല്ലാ മേഖലയിലുമുള്ള പ്രവർത്തന പങ്കാളിത്തത്തിലേക്കെത്തിക്കുകയാണ് ബയോഡൈവ ചെയ്യുന്നത്.

ബയോഡൈവയുടെ പഠനങ്ങളിലും ശിൽപശാലകളിലും പങ്കെടുത്തവരിൽ നിന്നും അവർ തന്നെ തെരഞ്ഞെടുത്ത കുറച്ച് പേർ ഒരു സംഘമായി പ്രവർത്തിക്കുകയും ജില്ലാ തലത്തിൽ ഉയർന്നു വന്ന അഭിപ്രായങ്ങൾ സംസ്ഥാന - ദേശീയ തലത്തിലുള്ള ശിൽപശാലകളിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വൈജ്ഞാനിക മേഖലകളിലെ ഗവേഷണങ്ങളും പ്രാദേശിക തലത്തിലെ പ്രവർത്തനങ്ങളും ബന്ധിപ്പിക്കുന്ന ഒരു കണ്ണിയായാണ് ഈ സംഘം തുടർ പ്രവർത്തനങ്ങൾ നടത്തുക.



## ഇതുവരെയുള്ള നിഗമനങ്ങൾ

1. കാർഷിക ഭൂവിനിയോഗത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരുന്ന പാരിസ്ഥിതികാഘാതങ്ങളെപ്പറ്റി വ്യക്തമായ ബോധമുണ്ടെങ്കിലും വരുമാനസ്ഥിരത ഉറപ്പ് നൽകുന്ന കൃഷിരീതികൾ അവലംബിക്കാൻ കർഷകർ നിർബന്ധിതരാകുന്നു.

2. കാർഷികാവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിലൂടെ കർഷകർ സമൂഹത്തിന് നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ വളരെ പ്രാധാന്യമർഹിക്കുന്നതാണ്.

3. കാർഷികാവാസവ്യവസ്ഥകളുടെയും പരിസ്ഥിതിയുടെയും ആരോഗ്യശോഷണം വീണ്ടുവിചാരമില്ലാത്ത രാസവളകീടനാശിനികളുടെ ഉപഭോഗം നിമിത്തമാണെന്നാണ് ഒരു വിഭാഗം കർഷകരുടെ അഭിപ്രായം.

4. നടത്തിപ്പിൽ അപാകതകൾ ഉണ്ടെങ്കിലും തുടങ്ങിയതിന് ശേഷം തൊഴിലുറപ്പ് പദ്ധതിയിൽ 60 ശതമാനത്തോളം കൂലി വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

5. പരമ്പരാഗത കൂട്ടുകുടുംബ സമ്പ്രദായത്തിനുണ്ടായ ശിഥിലീകരണം തൊഴിൽ സമ്പ്രദായത്തെയും സ്ഥാവരജംഗമാവകാശങ്ങളെയും അതുവഴി കാർഷികവ്യവസ്ഥയെയും സാരമായി ബാധിച്ചു.

6. അത്യുൽപാദനശേഷിയുള്ള പുതിയ വിത്തിനങ്ങൾക്ക് കൂടുതൽ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ആവശ്യമുണ്ടെന്നിരിക്കെ അവയുടെ ലഭ്യതയും പ്രാപ്യതയും കുറവാണ്. പ്രത്യേകിച്ച് ആദിവാസി വിഭാഗങ്ങൾക്ക്.



## KEY MESSAGES

1. Vision exercises bring together different perspectives on sustainable development and create a platform to negotiate this diversity.

2. The personal identification with a specific landscape, region and way of living motivates stakeholders to engage in the visionary dialogue.

3. Focusing on the influence of each stakeholder on possible change highlights the potential for agency and action.


Research Group BioDIVA
Prof. Dr. Martina Padmanabhan
Institute of Environmental Planning
Leibniz University Hannover
Herrenhäuser Str. 2
30419 Hannover
Germany

Contact: Dr. Silvia Werner, email: werner@umwelt.uni-hannover-de
Phone: +49 (0)511-762 19540
www.biodiva.uni-hannover.de

MSSRF,
Community Agrobiodiversity Centre, Puthurvayal P.O., 673 121 Kalpetta India,
email: cabcmssrf@dataone.in

Authors: Hannah Arpke, Prajeesh Parameswaran, Stefanie Wehner



Photos: BioDIVA

Hannover,
January 2012


